ശ്രീ. എൻ. കണ്ണരാമൻ: മിസ്സിസ്സ് ബെറിയുമായി സംസാരിച്ചപ്പോൾ ചിക്കാഗോയിൽ ദന്തസാമാനങ്ങൾക്ക് ധാരാളം ചിലവുണ്ടെന്നാണ് അവർ പറഞ്ഞത്.

പൊതുമന്ദിരം

*ക ൦൫൫. (൫൫) ശ്രീ. ടി. ടി. കേശവൻശാസ്ത്രി: താഴെ പറയുന്ന ചോദ്യങ്ങൾക്ക് ബഹുമാനപ്പെട്ട ഹരിജൻ ഉദ്ധാരണവകുപ്പുമന്ത്രി സദയം മറുപടി നല്കുമോ.—

(എ) ഒരു പ്രധാനകേന്ദ്രമായ നെയ്യാറിൻകര താലൂക്കിൽ ചേന്നവെങ്ങാന്തരിൽ ഹരിജനങ്ങളുടെ സാമൂഹികസഹായത്തിനു് ഒരു പൊതുമന്ദിരം പണികഴിപ്പിച്ചു് സഹായിക്കാൻ വേണ്ട നിവേദനങ്ങൾ കിട്ടിയിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ പ്രസ്തുത നിവേദനത്തിൽ എന്തു നടപടികൾ എടുത്തു?

ചീഫ് മിനിസ്റ്റർ (ശ്രീ. ടി. കെ. നാരായണപിള്ള): (എ) ഉണ്ട്.

(ബി) ഗവൺമെണ്ടിന്റെ ആലോചനയിൽ ഇരിക്കയാണ്.

ശ്രീ. ടി. ടി. കേശവൻശാസ്ത്രി: ഇക്കൊല്ലം എവിടെയെങ്കിലും പൊതുമന്ദിരങ്ങൾ സ്ഥാപിക്കാൻ അനുവദിച്ചിട്ടുണ്ടോ?

ശ്രീ. ടി. കെ. നാരായണപിള്ള. അതു നോട്ടീസുകൂടാതെ പറയാൻ നിവൃത്തിയില്ല.

പൊതുസ്ഥാപനം

*ക ൦൫൯. (൫൭) ശ്രീ. ടി. ടി. കേശവൻശാസ്ത്രി: താഴെ പറയുന്ന ചോദ്യങ്ങൾക്ക് ബഹുമാനപ്പെട്ട ഹരിജൻ ഉദ്ധാരണവകുപ്പുമന്ത്രി സദയം മറുപടി നല്കുമോ.—

(എ) കൊല്ലം താലൂക്കിൽ പെരുനാട് പകുതിയിലെ ഹരിജനങ്ങളുടെ പൊതുഉപയോഗത്തിനു് പെരുനാട് ചേരിയിൽ ഒരു പൊതുമന്ദിരം സ്ഥാപിച്ചു് സഹായിക്കാൻ നിവേദനങ്ങൾ കിട്ടിയിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ പ്രസ്തുത നിവേദനത്തിൽ എന്തു നടപടികൾ കൈക്കൊണ്ടു;

(സി) ഇതിലേക്കു് ആവശ്യമായ പ്രാരംഭപ്രവർത്തനങ്ങൾ എന്തെങ്കിലും എടുത്തിട്ടുണ്ടോ?

ചീഫ് മിനിസ്റ്റർ (ശ്രീ. ടി. കെ. നാരായണപിള്ള): (എ) കിട്ടിയിട്ടുണ്ട്.

(ബി) പുതുതായി പൊതുമന്ദിരങ്ങൾ പണിയുമ്പോൾ പെരിനാടിന്റെ കാര്യവും ആലോചിക്കുന്നതാണ്.

(സി) ഉണ്ട്. പൊതുമന്ദിരം പണിയേണ്ട സ്ഥലത്തെപ്പറ്റി വേണ്ട അന്വേഷണം നടത്തിവരുന്നു.

ജലസേചനസൗകര്യം

*ക ൦൫൦. (൫൪) ശ്രീ. ടി. ടി. കേശവൻ ശാസ്ത്രി: താഴെ പറയുന്ന ചോദ്യങ്ങൾക്ക് ബഹുമാനപ്പെട്ട പൊതുമരാമത്തു വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ.—

(എ) വേനൽ നിമിത്തം സാധാരണയായി നെൽകൃഷി നാശം ഉണ്ടായിക്കൊണ്ടിരിക്കുന്നതും, തിരുവല്ലാ താലൂക്കിൽ ചേന്നുമായ, കോയിപ്രം,

LIBRARY ARCHIVES Kerala Legislative Assembly

തോട്ടപ്പുഴശ്ശേരി, ആറൻമുള എന്നീ പകുതികളിലെ പുഞ്ച കൃഷിക്കാർ പമ്പാനദിയിൽനിന്നും ജലസേചനസൗകര്യമുണ്ടാക്കി സഹായിക്കാൻ നിവേദനങ്ങൾ നടത്തിയിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ പ്രസ്തുത നിവേദനങ്ങളിൽ എന്തു നടപടികൾ എടുത്തു;

ചീഫ് മിനിസ്റ്റർ (ശ്രീ. ടി. കെ. നാരായണപിള്ള):

(എ) ഉണ്ട്.

(ബി) മാലക്കര എന്ന സ്ഥലത്തു ഒരു ലിഫ്റ്റിറിഗേഷൻ വർക്ക് സ്ഥാപിക്കാൻ എസ്റ്റിമേറ്റ് തയ്യാറാക്കിയിട്ടുണ്ട്.

ശ്രീ. ടി. ടി. കേശവൻശാസ്ത്രി: ഇപ്പോൾ അതു അവിടെനിന്നും മാറ്റി വേറെ ഏതോ സ്ഥലത്തു സ്ഥാപിക്കാൻ ആലോചന നടന്നുവരുന്നുണ്ടോ;

ശ്രീ. ടി. കെ. നാരായണപിള്ള: അതിപ്പോൾ സൂക്ഷ്മമായി പറയാൻ നിവൃത്തിയില്ല.

ശ്രീ. ടി. ടി. കേശവൻ ശാസ്ത്രി: ആ സ്ഥലത്തു വേനൽക്കാലത്തു വെള്ളമില്ലാത്തതുകൊണ്ടും വർഷകാലത്തു വെള്ളത്തിന്റെ ആധിക്യംകൊണ്ടും നെൽകൃഷി നശിച്ചുപോകുന്നുണ്ടെന്നറിയാമോ?

ശ്രീ. ടി. കെ. നാരായണപിള്ള: അതറിവുണ്ട്. അതുകൊണ്ടാണ് താൽക്കാലികമായി അവിടെ ഒരു ലിഫ്റ്റിറിഗേഷൻവർക്ക് സ്ഥാപിക്കാൻ ഇടയായിട്ടുള്ളതു്. അതവിടെനിന്നും മാറ്റേണ്ട ആവശ്യമില്ലെങ്കിൽ മാറ്റുന്നതല്ല.

ഫുഡ് പ്രൊഡക്ഷൻ കമ്മിറ്റികൾ

*ക ാ ര ക. (ന ന) ശ്രീ. എ. വി. ജോസഫ്: താഴെ പറയുന്ന ചോദ്യത്തിനു് ബഹുമാനപ്പെട്ട കൃഷിവകുപ്പുമന്ത്രി സദയം മറുപടി പറയുമോ.—

ഇപ്പോൾ നിലവിലുള്ള ഫുഡ് പ്രൊഡക്ഷൻ കമ്മിറ്റികൾ പുനഃസംഘടിപ്പിക്കുവാൻ ഗവർമ്മെൻറാലോചിക്കുന്നുണ്ടോ?

ചീഫ് മിനിസ്റ്റർ (ശ്രീ. ടി. കെ. നാരായണപിള്ള): ഇല്ല.

ശ്രീ. എ. വി. ജോസഫ്: ഏതുതരത്തെ അടിസ്ഥാനപ്പെടുത്തിയാണ് ഈ കമ്മിറ്റികൾ രൂപീകരിച്ചിട്ടുള്ളതു്?

ശ്രീ. ടി. കെ. നാരായണപിള്ള: കഴിയുന്നത്ര പ്രാതിനിദ്ധ്യസ്വഭാവത്തോടുകൂടിയിണ്ട്.

ശ്രീ. എ. വി. ജോസഫ്: കർഷകതൊഴിലാളികളിൽ ആരെങ്കിലും ഈ കമ്മിറ്റികളിൽ പ്രാതിനിദ്ധ്യം നൽകിയിട്ടുണ്ടോ?

ശ്രീ. ടി. കെ. നാരായണപിള്ള: അധികം ആളുകൾ ഉണ്ടെന്നു തോന്നുന്നില്ല.

ശ്രീ. ഇട്ടീര അമ്മുക്കൻ: ഈ സംസ്ഥാനത്തിലെ കേന്ദ്രഫുഡ് പ്രൊഡക്ഷൻ കമ്മിറ്റി ഉടച്ചുവാർക്കാൻ ആലോചനയുണ്ടോ?

ശ്രീ. ടി. കെ. നാരായണപിള്ള: ഉടച്ചുവാർക്കാൻ ആലോചന തുടങ്ങിയിട്ടില്ല.

ശ്രീ. ഇട്ടീര അമ്മുക്കൻ: ആലോചന തുടങ്ങാൻ ഭയവുണ്ടാകുമോ?

ശ്രീ. ടി. കെ. നാരായണപിള്ള: ആലോചന തുടങ്ങേണ്ടതാണെന്ന അഭിപ്രായമുള്ളപക്ഷം അതിനെപ്പറ്റി ആലോചിക്കാം.

LIBRARY ARCHIVES Kerala Legislative Assembly